പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1088 29/9/2011 ൽ മറുപടിക്ക്

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ റോഡുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പി.ഡബ്ല്യൂ.ഡി റോഡുകളും തകർന്ന് ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ പി.ഡബ്ല്യൂ.ഡി റോഡുകളും തകർന്ന് ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലല്ല. മഴക്കെടുതിയും വെള്ളപ്പൊക്കവുംമൂലം മോശമായ റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 314.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അഞ്ചു സിറ്റി കോർപ്പറേഷനുകളിലെയും ഗതാഗത യോഗ്യമല്ലാത്ത പ്രധാന റോഡുകളുടെ പി.ഡബ്ല്യൂ.ഡി മുഖേനയുള്ള ഒറ്റത്തവണ പുനരുദ്ധാരണത്തിനായി 157.96 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. പത്തനംതിട്ട, ഇടുക്കി, കോട്ടയം, കൊല്ലം എന്നീ നാല് ജില്ലകളിൽ ശബരിമലയുമായി ബന്ധപ്പെട്ട റോഡുകൾ ദീർഘകാല മെയിന്റനൻസിന്റെ ഒന്നാം ഘട്ടത്തിനായി 58.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽപ്പെടുന്ന റോഡുകൾ അടിയന്തിരമായി നന്നാക്കുന്നതിന് 20.69 കോടി രൂപ സംസ്ഥാന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ റോഡുകൾ തകർന്നു കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ; | (ബി) ഒറ്റപ്പാലം-മണ്ണാർക്കാട് റോഡ്, ശ്രീകൃഷ്ണപുരം- മറിയൻകണ്ണി-ചെത്തല്ലൂർ റോഡ് എന്നിവ ഭാഗികമായി തകർന്ന് കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ അപ്ഗ്രേഡ് ചെയ്യുവാനാണ് പ്രൊപ്പോസൽ വന്നത് എന്ന് വിശദീകരിക്കാമോ ; അതിൽ ഏതിനെല്ലാമാണ് ഭരണാനുമതി നൽകിയത് ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്ന 25 പ്രവൃത്തികളിൽ ആദ്യത്തെ 15 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെതകർന്നു കിടക്കുന്ന റോഡുകൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ഡി) | (എ) ഉപ വിഭാഗത്തിൽ വിശദീകരിച്ച പ്രകാരം ഫണ്ടുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ, നിശ്ചിത സമയത്തിനകം റോഡുകൾ നന്നാക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പൊതുമരാമത്തുവകുപ്പിലെ ജില്ലാതലവൻമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിലവിൽ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള അനുമതിയാണ് നൽകിയിരിക്കുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ ? | (ഇ) | 2010-ലെ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിന്റെ 5% വരെയുള്ള അധിക നിരക്ക് അനുവദിച്ചുകൊണ്ട് സാങ്കേതികാനുമതി നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| 1 | അമ്പലപ്പാറ - മണ്ണൂർ റോഡ് | 16.2 ലക്ഷം |
| 2 | ഒറ്റപ്പാലം-മണ്ണാർക്കാട് റോഡ് 0/00-1/300&8/600-9/800 | 32.50 ലക്ഷം |
| 3 | ലക്കിടി റെയിൽവേ സ്റ്റേഷൻ റോഡ് | 50.00 ലക്ഷം |
| 4 | മംഗലം-മുരുക്കുംപറ്റ റോഡ് | 50.00 ലക്ഷം |
| 5 | മുരുക്കുംപറ്റ-വറോട് റോഡ് | 50.00 ലക്ഷം |
| 6 | പൂക്കോട്ടുകാവ്-കല്ലുവഴി-മില്ലിപടി-കാട്ടുകുളം ഹൈസ്കൂൾ റോഡ് | 70.00 ലക്ഷം |
| 7 | അഴിയന്നൂർ-കത്തിപ്പാറ റോഡ് | 65.00 ലക്ഷം |
| 8 | വലമ്പിരി മംഗലം-ഈശ്വരമംഗലം റോഡ് | 45.00 ലക്ഷം |
| 9 | കോട്ടപ്പുറം-ചെറിയൻകണ്ണി റോഡ് | 100.00 ലക്ഷം |
| 10 | കുന്നമംഗലം-തീപ്പെട്ടി കമ്പനി-പുളിയൻകാവ് റോഡ് | 29.00 ലക്ഷം |
| 11 | കണ്ണിയംപ്പുറം- സൗത്ത് പനമണ്ണ റോഡ് | 62.00 ലക്ഷം |
| 12 | കേന്ദ്രീയ വിദ്യാലയം റോഡ് | 20.00 ലക്ഷം |
| 13 | പത്തിരിപ്പാല- ചന്ത റോഡ് | 29.00 ലക്ഷം |
| 14 | ഒറ്റപ്പാലം -മണ്ണാർക്കാട്റോഡ് 20/000-29/400 | 47.50 ലക്ഷം |
| 15 | വട്ടമ്പലം- കോട്ടപ്പുറം റോഡ് 5/000-7/000 | 17.50 ലക്ഷം |
| 16 | കൊക്കോട്-പാലോട് റോഡ് | |
| 17 | പാലോട് പഞ്ചായത്ത് ഓഫീസ് റോഡ് | |
| 18 | പടിഞ്ഞാറേ പാലോട് 53-ാം മൈൽ റോഡ് | |
| 19 | കാറി -അത്തിപ്പറ്റ കടവ് റോഡ് | |
| 20 | കരിമ്പുഴകിഴക്കുംപുറം -പാലോട് റോഡ് | |
| 21 | കുളിക്കിലിയോട്-മേലെ കുളിക്കിലിയോട് റോഡ് 0/000-3/000 | |
| 22 | കരിയോട് -എലമ്പുലാശേരി-പേഴുമറ്റ റോഡ് | |
| 23 | കൂട്ടിലക്കടവ് - മണ്ണമ്പറ്ററോഡ് | |
| 24 | മണ്ണമ്പറ്റ - കടമ്പഴിപ്പുറം റോഡ് | |
| 25 | മംഗലാംകുന്ന് -സൊസൈറ്റിപടി-ചാത്തൻകുന്ന് റോഡ് | |

സെക്ഷൻ ഓഫീസർ